**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ഡോ. സിമി.പി.എസ്, ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) - തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ഇബി 4- 62299/18/ആ.വ.ഡ തീയതി 29.03.2019

**ഉത്തരവ് നം. ഇ.എ1- 40311/2016/ആ.വ.ഡ തീയതി 22.06.2019**

ആരോഗ്യ വകുപ്പിൽ ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) തസ്തികയിൽ ജോലി നോക്കി വരവെ അനധികൃതമായി അവധിയിൽ പ്രവേശിച്ച ഡോ. സിമി.പി.എസ് -നെ, അച്ചടക്ക നടപടികൾക്കു വിധേയമായി ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിക്കുന്നതിന് പരാമർശ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. സിമി.പി.എസ് -നെ പരാമർശത്തിലെ ഉത്തരവ് പ്രകാരം **എറണാകുളം കരുവേലിപ്പടി ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ** ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) തസ്തികയിലേക്ക്, അച്ചടക്ക നടപടികൾക്കു വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുനഃപ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. സിമി.പി.എസ് ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി എത്രയും പെട്ടെന്ന് അയച്ചു തരേണ്ടതുമാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് , ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. സിമി.പി.എസ്, പുത്തൻവീട്, കരിച്ചാറ, പള്ളിപ്പുറം.പി.ഒ, തിരുവനന്തപുരം

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം),
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഇബി 4 സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

0526178 **GOVERNMENT OF KERALA**